ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.09.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) കാർഷിക മേഖലയിൽ കേന്ദ്രസർക്കാർ നിരവധി സുപ്രധാന പ്രവർത്തനങ്ങൾ നടത്തിവരുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു.

**President Droupadi Murmu today inaugurated centenary celebrations of ICAR-National Institute of Secondary Agriculture (NISA), at Namkum, in Ranchi.**

2) പിഎം വിശ്വകർമ്മ പദ്ധതിയുടെ ഒന്നാം വാർഷികാഘോഷങ്ങളോട് അനുബന്ധിച്ച് രാജ്യത്ത് വിപുലമായ പരിപാടികൾ. മഹാരാഷ്ട്രയിൽ നടക്കുന്ന ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കുന്നു.

**Prime Minister Narendra Modi participates in National 'PM Vishwakarma' Programme at Wardha marking one year of progress under the PM Vishwakarma Yojana.**

3) പ്രധാനമന്ത്രിയുടെ മൂന്ന് ദിവസത്തെ അമേരിക്കൻ സന്ദർശനത്തിന് നാളെ തുടക്കം.

**Prime Minister Narendra Modi will be on a three-day visit to the United States beginning tomorrow**

4) 2026 ഓടെ രാജ്യത്ത് നിന്ന് നക്സലിസം തുടച്ചു നീക്കാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നതെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ.

**Union Home Minister Amit Shah has asserted that the government has decided to uproot Naxalism and the idea of Naxalism from the country before March 2026.**

5) കേന്ദ്രസർക്കാർ പുറത്തുവിട്ട ആറാമത് സംസ്ഥാന ഭക്ഷ്യ സുരക്ഷാ സൂചികയിൽ ഒന്നാം സ്ഥാനം നേടി കേരളം.

**Kerala secures first position in the 6th State Food Safety Index released by Union Health Minister JP Nadda.**

6) ചെന്നൈ ടെസ്റ്റിൽ ഇന്ത്യ ഒന്നാം ഇന്നിംങ്സിൽ 376 റൺസിന് പുറത്ത്. ബംഗ്ലാദേശ് ബാറ്റിംഗ് ആരംഭിച്ചു.

**In Cricket, India were bundled out for 376 runs in their first innings against Bangladesh on Day 2 of the opening Test at the MA Chidambaram Stadium in Chennai today.**

@@@@@@@@@@@@@@@@@@

# HEADLINE-1

**PRESIDENT – RANCHI EARLY**

കാർഷിക മേഖലയിൽ കേന്ദ്രസർക്കാർ നിരവധി പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. പിഎം കിസാൻ നിധി ഉൾപ്പെടെയുള്ള പദ്ധതികൾ കർഷകർക്ക് ഏറെ പ്രയോജനം ചെയ്യുതായും രാഷ്ട്പതി പറഞ്ഞു. റാഞ്ചിയിലെ ICAR ശതാബ്ദി ആഘോഷങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഉത്ഘാടനം ചെയ്യുകയായിരുന്നു ശ്രീമതി മുർമു. ഝാർഖണ്ഡിലെ കാർഷിക മേഖലയുടേയും കൃഷി അനുബന്ധ വ്യവസായത്തിന്റേയും ഉന്നമനത്തിന് ഗോത്ര വർഗ്ഗക്കാർ വഹിച്ച പങ്ക് വളരെ വലുതാണെന്നും രാഷ്ട്രപതി ചൂണ്ടിക്കാട്ടി. ഝാർഖണ്ഡ് ഗവർണർ സന്തോഷ് കുമാർ ഗാംഗ്വാർ, കേന്ദ്രമന്ത്രിമാരായ ശിവരാജ് സിംഗ് ചൗഹാൻ, സഞ്ജയ് സേത്ത്, മുഖ്യമന്ത്രി ഹേമന്ത് സോറൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

@@@@@@@@@@@@@@@@@@

# HEADLINE-2

**PM Vishwakarma**

പിഎം വിശ്വകർമ്മ പദ്ധതിയുടെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി മഹാരാഷ്ട്രയിലെ വർധയിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുന്നു. പരിപാടിയുടെ ഭാഗമായി ഒരുക്കിയ പ്രദർശനം

വീക്ഷിച്ച പ്രധാനമന്ത്രി കരകൗശല വിദഗ്ധരുമായി സംവദിച്ചു. പി.എം വിശ്വകർമ പദ്ധതിയുടെ ഗുണഭോക്താക്കൾക്കുള്ള വായ്പകളും സർട്ടിഫിക്കറ്റുകളും പ്രധാനമന്ത്രി ചടങ്ങിൽ വിതരണം ചെയ്യും. പദ്ധതിയുടെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായ സ്മരണിക സ്റ്റാമ്പുകളും ശ്രീ മോദി ചടങ്ങിൽ പുറത്തിറക്കും.

@@@@@@@@@@@@@@@@@

**GEORGE KURIEN**

2047 ഓടെ ഇന്ത്യയെ വികസിത രാജ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്ര സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.

പി എം വിശ്വകർമ്മ പദ്ധതി നടപ്പിലാക്കിയതിന്റെ ഒന്നാം വാർഷികാഘോഷത്തിന്റെ ഉദ്ഘാടനവും ഗുണഭോക്താക്കൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു കേന്ദ്രസഹമന്ത്രി. 2047 ൽ ഇന്ത്യ വികസിത രാജ്യമാകുന്നത് മുന്നിൽക്കണ്ടുള്ള ശ്രമങ്ങളാണ് രാജ്യത്ത് നടക്കുന്നത്.

അഞ്ചാമത്തെ സാമ്പത്തിക ശക്തിയാവുക എന്ന ലക്ഷ്യം ഇന്ത്യ കൈവരിച്ചതായും, ഇതിന്റെ നേട്ടം ജനങ്ങളിലേക്ക് എത്തണമെന്നും ശ്രീ ജോർജ് കുര്യൻ പറഞ്ഞു.

പ്രധാനമന്ത്രി വിശ്വകർമ്മ പദ്ധതിയുടെ ഒന്നാം വാർഷികാഘോഷ പരിപാടികളുടെ ഭാഗമായി

കോഴിക്കോട് ഗോവിന്ദ പുരത്തെ നാഷണൽ സ്കിൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘടിപ്പിച്ച പരിപാടിയിൽ കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയായി. സർട്ടിഫിക്കറ്റ് വിതരണം നിർവഹിച്ച കേന്ദ്രമന്ത്രി കരകൗശല വിദഗ്ധരുമായും സംവദിച്ചു.

@@@@@@@@@@@@@@@@@

# HEADLINE-3

**PM** MEA+ **AUS PM-QUAD**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ അമേരിക്കൻ സന്ദർശനത്തിന് നാളെ തുടക്കമാകും. വിൽമിങ്ടണിൽ നാളെ നടക്കുന്ന ക്വാഡ് നേതൃതല ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. ലോക നേതാക്കളുമായുള്ള ഉഭയകക്ഷി ചർച്ചകളും ഇതിൻറെ ഭാഗമായി നടത്തും. തുടർന്ന് ന്യൂയോർക്കിലെത്തുന്ന പ്രധാനമന്ത്രി അമേരിക്കയിലെ ഇന്ത്യൻ സമൂഹവുമായി സംവദിക്കും. 23 ന് ഐക്യരാഷ്ട്ര പൊതുസഭയിൽ നടക്കുന്ന ഉച്ചകോടിയേയും അദ്ദേഹം അഭിസംബോധന ചെയ്യും.

@@@@@@@@@@@@@@@@@

# HEADLINE-4

## SHAH-NAXAL VICTIMS MEET

2026 മാർച്ചിന് മുമ്പ് രാജ്യത്ത് നിന്ന് നക്സലിസം തുടച്ചു നീക്കാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. നക്സൽ അക്രമത്തിന് ഇരകളായ ഛത്തീസ്ഗഡിൽ നിന്നുള്ള 55 ഓളം പേരുമായി ന്യൂഡൽഹിയിലെ വസതിയിൽ സംവദിക്കവെയാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. ബസ്തറിലെ 4 സ്ഥലങ്ങളിൽ ഒഴികെ രാജ്യത്ത് മറ്റെല്ലായിടത്തും നക്സലിസം അവസാനിപ്പിക്കുന്നതിൽ കേന്ദ്രം വിജയിച്ചതായും കേന്ദ്രമന്ത്രി പറഞ്ഞു. നക്സലുകൾ ആയുധം വെച്ച് കീഴടങ്ങണമെന്നും അദ്ദേഹം അഭ്യർഥിച്ചു.

(ഹോൾഡ്)

@@@@@@@@@@@@@@@@@

# HEADLINE-5

## FOOD SAFETY INDEX

ആറാമത് സംസ്ഥാന ഭക്ഷ്യ സുരക്ഷാ സൂചികയിൽ ഒന്നാം സ്ഥാനം നേടി കേരളം. കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡയാണ് ഭക്ഷ്യ സുരക്ഷാ സൂചിക പുറത്തിറക്കിയത്. തമിഴ്നാട് രണ്ടാം സ്ഥാനത്തും ജമ്മു കശ്മീർ മൂന്നാം സ്ഥാനത്തുമാണ്.

@@@@@@@@@@@@@@@@@

**Modi 3.0**

മൂന്നാം നരേന്ദ്രമോദി സർക്കാർ 100 ദിനം പൂർത്തിയാക്കുന്നതിനിടെ തുടക്കം കുറിച്ചത് കർഷകർ, സ്ത്രീകൾ, യുവാക്കൾ തുടങ്ങിയവരുടെ ഉന്നമനത്തിനായുള്ള 15 ലക്ഷം കോടി രൂപയുടെ നിരവധി പദ്ധതികൾക്ക്. ആരോഗ്യം, അടിസ്ഥാനസൗകര്യ വികസനം, വിദ്യാഭ്യാസം ഉൾപ്പെടെയുള്ള മേഖലകളിലും നിരവധി പ്രവർത്തനങ്ങൾ ഈ കാലയളവിൽ ആരംഭിച്ചിട്ടുണ്ട്. ആയുഷ്മാൻ ഭാരത് പിഎം-ജൻ ആരോഗ്യ യോജനയുടെ കീഴിൽ 70 വയസിന് മുകളിൽ പ്രായമുള്ളവർക്ക് 5 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കിയതും ഇതിൽ ഉൾപ്പെടുന്നു.

@@@@@@@@@@@@@@@@@@

**VIGILENCE ENQUIRY**

എഡിജിപി M.R അജിത്കുമാറിനും പത്തനംതിട്ട ജില്ലാപൊലീസ് മുൻ മേധാവി സുജിത് ദാസിനുമെതിരെ PV അൻവർ എം എൽ എ നല്കിയ പരാതിയിൽ വിജിലൻസ് അന്വേഷണത്തിന് സർക്കാർ ഉത്തരവിട്ടു. സംസ്ഥാന പൊലീസ് മേധാവി ഷെയ്ഖ് ദർവേഷ് സാഹബിൻറെ ശുപാർശ അംഗീകരിച്ചാണ് അന്വേഷണത്തിന് ഉത്തരവിട്ടത്. കേസ് അട്ടിമറിക്കൽ, കള്ളക്കടത്ത് സംഘവുമായുള്ള ബന്ധം, അനധികൃത സ്വത്ത് സമ്പാദനം എന്നിങ്ങനെയുള്ള ആരോപണനകളാണ് അന്വേഷിക്കുന്നത്.

@@@@@@@@@@@@@@@@@@

**JOSHI TIRUPATI LADDU**

തിരുപ്പതി ലഡ്ഡുവിൽ മൃഗകൊഴുപ്പിൻറെ സാന്നിധ്യമുണ്ടെന്ന ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിയുടെ പരാമർശം ഏറെ ഗൗരവമുള്ളതാണെന്ന് കേന്ദ്ര ഭക്ഷ്യമന്ത്രി പ്രൽഹാദ് ജോഷി. വിഷയത്തിൽ വിശദമായ അന്വേഷണം ഉണ്ടാകുമെന്നും കുറ്റക്കാർക്ക് ശിക്ഷ ഉറപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു. തിരുപതി വെങ്കിടേശ്വര സ്വാമി ക്ഷേത്രത്തിലെ പ്രസാദമായ ലഡു ഉണ്ടാക്കാൻ ഉപയോഗിക്കുന്ന നെയ്യിൽ മൃഗക്കൊഴുപ്പ് ഉള്ളതായി ദേശീയ ഡയറി ഡവലപ്മെൻറ് ബോർഡിൻറെ സെൻറർ ഓഫ് അനാലിസിസ് ആൻറ് ലേണിങ് ഇൻ ലൈഫ്സ്റ്റോക്ക് ആൻറ് ഫുഡ് കണ്ടെത്തിയിരുന്നു.

@@@@@@@@@@@@@@@@@@

## AMIT SHAH - PARIVARTAN YATRA

ഝാർഖണ്ഡിൽ ബിജെപി സംഘടിപ്പിക്കുന്ന പരിവർത്തൻ യാത്ര പാർട്ടിയുടെ മുതിർന്ന നേതാവും കേന്ദ്ര മന്ത്രിയുമായ അമിത് ഷാ ഉദ്ഘാടനം ചെയ്യും. പർഗാന, ധൻബാദ് ഡിവിഷനുകളിലെ യാത്രകൾക്കാണ് കേന്ദ്രമന്ത്രി തുടക്കം കുറിക്കുക. സംസ്ഥാനത്തെ 81 നിയമസഭാ മണ്ഡലങ്ങളിലൂടെ 5,400 കിലോമീറ്റർ സഞ്ചരിക്കുന്ന പരിവർത്തൻ യാത്ര, അടുത്ത മാസം 2 വരെ നീളും. ബഹുജന റാലിയെയും ശ്രീ അമിത് ഷാ ഇന്ന് ഝാർഖണ്ഡിൽ അഭിസംബോധന ചെയ്യും.

@@@@@@@@@@@@@@@@@

## FATF

ഇന്ത്യ നേരിടുന്ന പ്രധാന ഭീകരവാദ ഭീഷണികൾ ഇസ്ലാമിക് സ്റ്റേറ്റ്, അൽ-ഖ്വയ്ദ ബന്ധമുള്ള സംഘടനകളിൽ നിന്നാണെന്ന് FATF റിപ്പോർട്ട്. ജമ്മുകശ്മീരിലും, സമീപ മേഖലയിലുമാണ് ഭീകരവാദ പ്രവർത്തനങ്ങൾ കൂടുതലായും നടക്കുന്നത്. ഭീകരവാദവുമായി ബന്ധപ്പെട്ട പണമിടപാടുകളും കള്ളപ്പണം വെളുപ്പിക്കലും തടയാൻ ഇന്ത്യ സ്വീകരിച്ച നടപടികളെയും FATF അഭിനന്ദിച്ചു. ഇത്തരം സാമ്പത്തിക പ്രവർത്തനങ്ങൾ തടയാൻ പാരിസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര ഏജൻസിയാണ് FATF.

@@@@@@@@@@@@@@@@@

## UP FLOOD

ഉത്തർപ്രദേശിൽ വെള്ളപ്പൊക്കം ജനജീവിതത്തെ ദുരിതത്തിലാക്കി. 26 ജില്ലകളിലായി അഞ്ചു ലക്ഷം പേരെയാണ് വെള്ളപ്പൊക്കം ബാധിച്ചത്. ബുന്ദേൽഖണ്ഡിലും പടിഞ്ഞാറൻ മേഖലയിലും ദുരന്തം വിതച്ച വെള്ളപ്പൊക്കം മധ്യ- പൂർവാഞ്ചൽ ജില്ലകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. കാൺപൂർ, പ്രയാഗ് രാജ്, വാരാണസി, ഗാസിപൂർ തുടങ്ങിയ ജില്ലകളിലെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. വെള്ളപ്പൊക്കത്തിൻറെ പശ്ചാത്തലത്തിൽ പല ജില്ലകളിലേയും സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

@@@@@@@@@@@@@@@@@

## BIHAR FLOOD SURVEY

ബിഹാറിൽ വെള്ളപ്പൊക്കത്തെ തുടർന്ന് ദുരിതത്തിലായ ജില്ലകളിൽ മുഖ്യമന്ത്രി നിതീഷ് കുമാർ വ്യോമ നിരീക്ഷണം നടത്തി. പട്ന, ബക്സർ, വൈശാലി,ഗയ ഉൾപ്പെടെ പത്തിലധികം ജില്ലകളെയാണ് വെള്ളപ്പൊക്കം ബാധിച്ചത്. വൻതോതിൽ കൃഷിനാശം സംഭവിക്കുകയും നിരവധി വീടുകൾ ഒലിച്ചുപോകുകയും ചെയ്തിട്ടുണ്ട്. പ്രദേശത്തെ ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിയിരിക്കുകയാണ്.

@@@@@@@@@@@@@@@@@

# HEADLINE-6

## INDIA – BANGLADESH

ചെന്നൈയിൽ നടക്കുന്ന ഇന്ത്യ-ബംഗ്ലാദേശ് ടെസ്റ്റ് ക്രിക്കറ്റിൽ രണ്ടാം ദിനമായ ഇന്ന് ഒന്നാം ഇന്നിങ്സ് പുനരാരംഭിച്ച ഇന്ത്യ 376 റൺസിന് പുറത്തായി. മറുപടി ബാറ്റിംഗ് ആരംഭിച്ച ബംഗ്ലാദേശിന് ബാറ്റിങ്ങ് തകർച്ച. ഒടുവിൽ വിവരം ലഭിക്കുമ്പോൾ 5 വിക്കറ്റ് നഷ്ടത്തിൽ 64 റൺസ് എന്ന നിലയിലാണ്.

@@@@@@@@@@@@@@@@@

## ISRAEL –HEZBOLLAH CONFLICT

ഇസ്രയേലും ഭീകരവാദ സംഘടനയായ ഹിസ്ബുള്ളയും തമ്മിൽ തുടർച്ചയായി നടന്നുവരുന്ന ആക്രമണങ്ങൾ ശക്തമായ പ്രാദേശിക യുദ്ധത്തിന് വഴിവക്കുമെന്ന് ആശങ്ക. ഹിസ്ബുള്ളയുടെ ഭാഗത്ത് നിന്ന് ആക്രമണ സാധ്യതയുള്ളതിനാൽ വടക്കൻ മേഖലയിലെ ജനങ്ങളോട് ഷെൽറ്ററുകളിൽ തന്നെ തുടരാനും, അത്യാവശ്യത്തിനല്ലാതെ പുറത്തു പോകുന്നത് ഒഴിവാക്കാനും ഇസ്രയേൽ സേന നിർദ്ദേശിച്ചു. ലെബനനിൽ ഇസ്രയേൽ വ്യോമസേന നടത്തിയ ആക്രമണത്തിന് ഹിസ്ബുള്ള തിരിച്ചടിക്കാൻ സാധ്യത നിലനിൽക്കുന്ന പശ്ചാത്തലത്തിലാണ് നിർദേശം. കഴിഞ്ഞ ദിവസങ്ങളിൽ ലെബനൻറെ വിവിധ ഭാഗങ്ങളിലുണ്ടായ പേജർ, വാക്കിടോക്കി സ്ഫോടനങ്ങളിൽ 37 പേർ മരിക്കുകയും മൂവായിരത്തോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തത് സ്ഥിതിഗതികൾ കൂടുതൽ

സങ്കീർണമാക്കിയിട്ടുണ്ട്. ഇസ്രായേൽ ഇതുവരെ സ്ഫോടനങ്ങളുടെ ഉത്തരവാദിത്തം ഏറ്റെടുത്തിട്ടില്ല

@@@@@@@@@@@@@@@@@

## BNP-ARMY POWER

ബംഗ്ലാദേശിൽ സൈന്യത്തിന് മജിസ്ട്രേറ്റിൻറെ അധികാരം നൽകാനുള്ള മുഹമ്മദ് യൂനസിൻറെ നേതൃത്വത്തിലുള്ള ഇടക്കാല സർക്കാരിൻറെ തീരുമാനത്തെ

ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി അപലപിച്ചു. തീരുമാനം പുനഃപരിശോധിക്കണമെന്ന് പാർട്ടി ജനറൽ സെക്രട്ടറി മിശ്ര ഫക്റുൽ ഇസ്ലാം ആലംഗിർ ആവശ്യപ്പെട്ടു. ബംഗ്ലാദേശിൽ ക്രമസമാധാനം മെച്ചപ്പെടുത്തുന്നതിനായി ചൊവ്വാഴ്ചയാണ് 60 ദിവസത്തെ പരിഷ്കാരം കൊണ്ടുവന്നത് .

@@@@@@@@@@@@@@@@@

## WB- STRIKE

പശ്ചിമബംഗാളിൽ ജൂനിയർ ഡോക്ടർമാർ നടത്തിവന്ന സമരം ഭാഗികമായി അവസാനിപ്പിച്ചു. ജൂനിയർ ഡോക്ടർമാരുടെ സംഘടന മുന്നോട്ടുവച്ച ആവശ്യങ്ങൾ സംസ്ഥാന സർക്കാർ ഏറെക്കുറെ അംഗീകരിച്ച പശ്ചാത്തലത്തിലാണ് അത്യാഹിത- അടിയന്തര സേവനങ്ങൾ പുനരാരംഭിക്കാൻ തീരുമാനിച്ചത്. ആർ ജി കർ മെഡിക്കൽ കോളജിൽ വനിതാ ഡോക്ടർ പീഡനത്തിനിരയായി കൊല്ലപ്പെട്ട പശ്ചാത്തലത്തിലാണ് കഴിഞ്ഞ 41 ദിവസമായി യുവ ഡോക്ടർമാർ സമരം നടത്തിവരുന്നത്. സംസ്ഥാനത്തെ വെള്ളപ്പൊക്ക ദുരന്തത്തിൻറെ കൂടി പശ്ചാത്തലത്തിലാണ് സമരം അവസാനിപ്പിക്കാൻ തീരുമാനിച്ചതെന്ന് ഡോക്ടർമാർ അറിയിച്ചു.

@@@@@@@@@@@@@

@@@@@@

@@@@

@@